**ജമാഅത്ത് രൂപീകരണത്തിനായുള്ള ക്ഷണക്കത്ത്**

ജമാഅത്തെ ഇസ്‌ലാമി രൂപീകരണയോഗത്തിലേക്ക് ക്ഷണിച്ചുകൊണ്ട് 150 പേർക്ക് കത്തുകളയച്ചിരുന്നു. അവരിൽ ചിലർ നേരത്തെ തന്നെ 'ദാറുൽ ഇസ്‌ലാമി'ന്റെ കർമപരിപാടികളും ആശയഗതികളുമായി യോജിച്ച് പ്രവർത്തിക്കുന്നവരായിരുന്നു. ഒരു ക്ഷണക്കത്തിന്റെ ഉള്ളടക്കം താഴെ: -

തർജുമാനുൽ ഖുർആൻ,

ലാഹോർ.

റജബ് - ഹിജ്റ: 1360

മാന്യരെ,

അസ്സലാമുഅലൈക്കും.

താങ്കളുടെ എഴുത്ത് വായിച്ചു. നമ്മുടെ ആദർശത്തിന്റെ പ്രചാരണത്തിനായി താങ്കൾ ഏറെ സമയം ചെലവഴിക്കുന്നുവെന്നറിഞ്ഞപ്പോൾ വളരെ സന്തോഷമായി. താങ്കളുടെ പ്രവർത്തനരീതിയും അഭിലഷണീയം തന്നെ. ഇതുവരെയായി താങ്കൾ എന്തൊക്കെ ചെയ്തു? താങ്കൾ പരിശീലിപ്പിച്ചെടുത്ത മൂന്നു നാല് പേർ എങ്ങനെ? അവരെന്തു ചെയ്യുന്നു? പ്രസ്ഥാനത്തിന് അവർ എങ്ങനെ പ്രയോജനപ്പെടും എന്നൊക്കെ താങ്കൾ കുറച്ച് വിശദമായി എഴുതുക. മർകസുമായുള്ള ബന്ധം തുടർന്ന് പോകണം. വേണ്ടവിവരങ്ങൾ ഇൻശാഅല്ലാഹ് താങ്കളെ അറിയിച്ചുകൊണ്ടിരിക്കാം.

ആഗസ്ത് 25-ന് ഞങ്ങൾ ഒരു യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. സമാനചിന്താഗതിക്കാരായ വിശ്വാസികളെ ഒന്നായി സംഘടിപ്പിച്ച് അവരുടെ കഴിവും പ്രാപ്തതിയും പരിശോധിച്ച് വ്യവസ്ഥാപിതമായ ഒരു സംഘടനയായി മുന്നോട്ടു നീങ്ങുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഇവിടെയെത്തി ജമാഅത്തിന്റെ പ്രഥമ യോഗത്തിൽ സംബന്ധിക്കുവാൻ താങ്കളെ ക്ഷണിക്കുന്നു. താമസസൗകര്യം ഞങ്ങളൊരുക്കുന്നുണ്ട്. സാധിക്കുമെങ്കിൽ ഭക്ഷണച്ചെലവുകളും മറ്റും താങ്കൾ വഹിക്കുമല്ലോ.

ഇപ്പോൾ എഴുത്തുകുത്തുകളുടെ ചുമതല എനിക്കാണ്.

ഫഖീർ, ഖമറുദ്ദീൻ

അനുബന്ധം:- ഇതര ജമാഅത്ത് പ്രവർത്തകരെക്കുറിച്ച അത്യാവശ്യവിവരങ്ങൾ മർകസിൽ നിന്നു കിട്ടും. പക്ഷേ, ഇപ്പോൾ വിശദ വിവരങ്ങൾ അയച്ചുതരാൻ സമയമില്ല. അടുത്ത യോഗത്തിന് ശേഷം അതിന് സാധിച്ചേക്കും.

[ഈ എഴുത്ത് ചൗധരി അബ്ദുൽഗനി സാഹിബി (ചുക്ഗഹ്‌ലൽ, പത്തോക്കി, ലാഹോർ)ന്റെ പേരിൽ അയച്ചതാണ്. ജമാഅത്തെ ഇസ്‌ലാമി ഔദ്യോഗികമായി നിലവിൽ വരുന്നതിന് മുമ്പ് തന്നെ മൗലാനാ മൗദൂദിയുടെ ചിന്തകളിൽ ആകൃഷ്ടരായ ചിലയാളുകൾ ചെറിയ ചെറിയ പ്രാദേശിക ഹൽഖകൾക്ക് രൂപം നൽകി പ്രബോധനകർമം നിർവഹിച്ചുപോന്നിരുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്. ജമാഅത്ത് രൂപീകരണയോഗത്തിൽ ചിലയിടങ്ങളിൽ നിന്ന് ഇത്തരം ഹൽഖകളെ പ്രതിനിധീകരിച്ചുകൊണ്ടാണ് ആളുകൾ പങ്കെടുത്തിരുന്നത്.]